**ഗ്രാമ ന്യായാലയം, പഴയന്നൂർ**
**സാന്നിദ്ധ്യം : ശ്രീമതി. അൽഫോൻസ നീതു അലക്സ്  (BBA LL.B (Hons), LL.M)**
**ന്യായാധികാരി,**
**തിയ്യതി : 2026 ഏപ്രിൽ - 1ന്  (1948 ചൈത്രം - 11)**

---

**CMP No: 2/2026 in CC 9/2024**

| | | |
|---|---|---|
| ഹർജിക്കാരൻ/ മെയിൻ കേസിലെ ഒൻപതാം പ്രതി | A9: | ബാലചന്ദ്രൻ, 51 വയസ്സ്, S/o പ്രഭാകര മേനോൻ, കോടാങ്കിൽ ഹൗസ്, ചെറുതുരുത്തി പി.ഒ, തൃശ്ശൂർ  - 679531 |
| | | (അഡ്വ. ശരത് ചന്ദ്രൻ) |
| എതിർകക്ഷികൾ | 1: | സ്റ്റേറ്റിനെ പ്രതിനിധീകരിച്ച് ഇൻസ്‌പെക്ടർ ഓഫ് പോലീസ്, കേരള പോലീസ്, ചെറുതുരുത്തി പോലീസ് സ്റ്റേഷൻ, ക്രൈം നമ്പർ :714/2023 |
| | 2: | റീജിയണൽ പാസ്‌പോർട്ട് ഓഫീസർ, റീജിയണൽ പാസ്‌പോർട്ട് ഓഫീസ്, പനമ്പിള്ളി നഗർ പി.ഒ, കൊച്ചി |
| | | (എ.പി.പി (ഇൻചാർജ്) പഴയന്നൂർ) |
| ശിക്ഷാർഹമായ കുറ്റം | : | U/s. 143, 147, 341, 323, 149 IPC |
| ഉത്തരവ് | : | ഹർജി അനുവദിച്ച് ഉത്തരവാകുന്നു. |

ഈ ഹർജി ഇന്നേ ദിവസം അഡ്വാൻസ് ചെയുകയും, താഴെ പറയും പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

**ഉത്തരവ്**

1. 1967ലെ പാസ്‌പോർട്ട് ആക്ട് 6(2)(f) വകുപ്പ് പ്രകാരം സമർപ്പിച്ചിരിക്കുന്ന ഹർജിയാണിത്.

2. ഹർജിക്കാരൻ മേൽ നമ്പർ കേസിലെ ഒൻപതാം പ്രതിയാണ്. മേൽ കേസിൽ ടിയാൾക്ക് എതിരെ ഇന്ത്യൻ ശിക്ഷ നിയമം 143, 147, 341, 323, 149 വകുപ്പുകൾ  പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി ചെറുതുരുത്തി പോലീസ് ക്രൈം നമ്പർ 714/2023 ആയി രജിസ്റ്റർ ആക്കിയിട്ടുള്ളതാണ്. ഈ കേസ് യഥാർത്ഥത്തിൽ CC:733/2024 ആയി ബഹു: വടക്കാഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്നതും, പിന്നീട് ബഹു: പ്രിൻസിപ്പൽ ജില്ല & സെഷൻസ് ജഡ്ജി, തൃശ്ശൂർ ജില്ല

കോടതിയുടെ ഉത്തരവ് പ്രകാരം ഈ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും, CC:9/2024 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും ആകുന്നു.

3. ഹർജിക്കാരൻ തന്റെ R3332074 നമ്പർ പാസ്പോർട്ടിലെ മേൽവിലാസം മാറ്റുന്നതിനുവേണ്ടി രണ്ടാം എതൃകക്ഷി മുമ്പാകെ CO5077370576925 ഫയൽ നമ്പർ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, എന്നാൽ ടി കേസ് നിലവിൽ ഉള്ളതിനാൽ മേൽ അപേക്ഷ തീരുമാനിക്കപ്പെടാതെ ഇരിക്കുകയാണെന്നും, ആയതിനാൽ ഹർജിക്കാരന്റെ പാസ്പോർട്ടിലെ വിലാസം മാറ്റുന്നതിന് വേണ്ട അനുമതി നൽകി ഒരു ഉത്തരവ് ഉണ്ടാകണം എന്നുമാണ് ഹർജിയുടെ ചുരുക്കം.

4. ഹർജിയുടെ പകർപ്പ് വിജ്ഞാനിയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർക്ക് നൽകി. ഈ കേസിൽ ഫോർമൽ ഒബ്ജക്ഷൻ മാത്രമേ ഉള്ളു എന്നു അദ്ദേഹം രേഖപ്പെടുത്തി.

5. ഇരുഭാഗവും കേട്ടു. കോടതിയിൽ ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചു.

6. മേൽ കേസിൽ ഒൻപതാം പ്രതിയായ ഹർജിക്കാരൻ തന്റെ R3332074 നമ്പർ പാസ്പോർട്ടിലെ മേൽവിലാസം മാറ്റുന്നതിനുവേണ്ടി രണ്ടാം എതൃകക്ഷി മുമ്പാകെ ഫയൽ ചെയ്ത CO5077370576925 നമ്പർ അപേക്ഷ, ടി കേസ് നിലവിൽ ഉള്ളതിനാൽ മാത്രം തീർച്ചപ്പെടാതെ ഇരിക്കുകയാണെന്നും, ആയതിനാൽ മേൽ അപേക്ഷയുമായി മുന്നോട്ടുപോകാൻ ഹർജിക്കാരനെ അനുവദിച്ചു ഉത്തരവ് ഉണ്ടാകണം എന്നുമാണ് ഹർജിയിലെ അപേക്ഷ. രണ്ടാം എതൃകക്ഷി മുമ്പാകെയുള്ള അപേക്ഷ തന്റെ വിലാസം മാറ്റുന്നതിനു മാത്രമുള്ളതാണെന്നും, പുതിയ പാസ്പോർട്ട് നൽകുന്നതിനോ വിദേശയാത്രയ്ക്ക് പുതുക്കി നൽകുന്നതിനോ വേണ്ടിയിട്ടുള്ള അപേക്ഷ അല്ലായെന്നും ഹർജിയിൽ പറയുന്നു. മേൽ ഹർജി അനുവദിക്കാത്ത പക്ഷം തനിക്കു അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്ക് ഇടവന്നു ചേരുന്നതാണ് എന്നും, കോടതി നിർദ്ദേശിക്കുന്ന സമയത്ത് താൻ കോടതിയിൽ ഹാജരാകുമെന്നും, പാസ്പോർട്ട് ദുരുപയോഗം ചെയ്യുകയോ, വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യില്ലെന്നും ഹർജിക്കാരൻ ഉറപ്പുനൽകിയിട്ടുണ്ട്.

7. പാസ്പോർട്ടിലെ മേൽവിലാസം മാറ്റുവാൻ വേണ്ടി മാത്രം രണ്ടാം എതൃകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ പ്രസ്തുത കേസ് നിലവിൽ ഉണ്ടെന്ന കാരണത്താൽ മാത്രം പരിഗണിക്കപ്പെടാതെ പോകുന്നത് ഹർജിക്കാരന് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്ക് ഇടവരും എന്ന് കോടതി മനസ്സിലാക്കുന്നു. ആയതിനാൽ ന്യായത്തിന്റെ താൽപ്പര്യത്തിൽ, ഈ ഹർജി അനുവദിക്കാവുന്നതാണെന്ന് കോടതി അഭിപ്രായപ്പെടുന്നു. കൂടാതെ, പ്രോസിക്യൂഷൻ ഭാഗത്തു നിന്നും യാതൊരു എതിർപ്പും ഉന്നയിച്ചിട്ടില്ല.

എന്നിരുന്നാലും, വിദേശയാത്ര ചെയ്യുന്നതിന് ഹർജിക്കാരൻ കോടതിയുടെ പ്രത്യേക അനുമതി നേടേണ്ടതാണെന്നും, പാസ്പോർട്ടിലെ മേൽവിലാസം മാറ്റുന്നത് സാധ്യമാക്കുന്നതിന് മാത്രമാണ് ഈ ഉത്തരവ് നൽകുന്നതെന്നും വ്യക്തമാക്കുന്നു.

8. തൽഫലമായി, മേൽ ഹർജി താഴെ പറയുന്ന ഉപാധികളോടെ അനുവദിച്ചു ഉത്തരവായിരിക്കുന്നു:

I. ഹർജിക്കാരൻ, മറ്റു വിധത്തിൽ യോഗ്യനാണെങ്കിൽ, R3332074 നമ്പർ പാസ്പോർട്ടിലെ മേൽവിലാസം മാറ്റുന്നതിനുവേണ്ടി രണ്ടാം എതൃകക്ഷി മുമ്പാകെ ഫയൽ ചെയ്ത CO5077370576925 നമ്പർ അപേക്ഷ അനുവദിക്കുന്നതിൽ ഈ കോടതിക്ക് എതിർപ്പില്ല.

II. ഹർജിക്കാരന് പാസ്പോർട്ടിൽ വിലാസം മാറ്റി കിട്ടുന്ന മുറക്ക്, പാസ്പോർട്ടിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോടതിയിൽ സമർപ്പിക്കേണ്ടതാണ്.

III. കേസ് കാലയളവിൽ ഹർജിക്കാരൻ വിദേശയാത്ര ആഗ്രഹിക്കുന്നു എങ്കിൽ കോടതി മുമ്പാകെ അതിനായി പ്രത്യേക അപേക്ഷ ബോധിപ്പിക്കേണ്ടതും, മുൻകൂർ അനുമതി നേടുകയും ചെയ്യേണ്ടതാണ്.

*(ഞാൻ പറഞ്ഞു കൊടുത്ത് കോൺഫിൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി, തിരുത്തി തുറന്ന കോടതിയിൽ 01.04.2026ന് ഇപ്രകാരം ഉത്തരവ് പ്രസ്താവിച്ചിട്ടുള്ളതാണ്.)*

Sd/-
**അൽഫോൻസ നീതു അലക്സ്**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

*//ശരി പകർപ്പ്//*

*Id/-*
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

Fair/Copy Order : CMP 2/2026 in CC 9/2024
Date : 01.04.2026